(ബി) അതെ.

(സി) വളരെ പഴകിയ കിടക്കകൾ മാറിക്കൊടുത്തുകൊണ്ടിരിക്കുന്നു.

കുമ്പളത്തെ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആശുപത്രിയാക്കി ഉയർത്താൻ നടപടി

1744 [2640] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളത്തെ ആയുർവ്വേദ ഡിസ്പെൻസറി ഒരു ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ;

(ബി) പ്രസ്തുത ഡിസ്പെൻസറി ഒരു ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്താൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അത് ഒരു ആയുർവ്വേദ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) ആശുപത്രി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടം സൗജന്യമായി ലഭ്യമാക്കുന്നപക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

അലോപ്പതി ഡിസ്പെൻസറികളും ഹെൽത്ത് സെന്ററുകളും

1745 [2647] ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. കെ. ഇ. ഇസ്മയിൽ:
ശ്രീ. കെ. ടി. കണാരൻ:
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അലോപ്പതി ഡിസ്പെൻസറികളും ഹെൽത്ത് സെന്ററുകളും ഉണ്ട്;

(ബി) ഇവ ഓരോന്നും ഓരോ ജില്ലയിലും എത്രവീതമാണുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 520 അലോപ്പതി ഡിസ്പെൻസറികളും 301 ഹെൽത്ത് സെന്ററുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ജില്ല	ഡിസ്പെൻസറികൾ	ഹെൽത്ത് സെൻറുകൾ
തിരുവനന്തപുരം	48	29
കൊല്ലം	32	26
പത്തനംതിട്ട	23	18
ആലപ്പുഴ	27	28
കോട്ടയം	22	27
ഇടുക്കി	38	7
എറണാകുളം	42	30
തൃശ്ശൂർ	43	32
പാലക്കാട്	59	14
മലപ്പുറം	63	17
കോഴിക്കോട്	30	26
വയനാട്	21	5
കണ്ണൂർ	45	24
കാസർകോട്	27	18

ഏക്കാട്ടൂർ ഹരിജൻ കോളനിയിൽ ആയുർവ്വേദ ആശുപത്രി

1746. [2648] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിക്കുളം പഞ്ചായത്തിലെ ഏക്കാട്ടൂർ ഹരിജൻ കോളനിയിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണമെന്ന നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആശുപത്രി സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ആയുർവ്വേദ ആശുപത്രിക്കുവേണ്ടി നിവേദനമൊന്നും ലഭിച്ചിട്ടില്ല. പക്ഷേ ഒരു ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) സ്ഥലവും കെട്ടിടവും സൗജന്യമായി പഞ്ചായത്ത് ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

പുല്ലൂറ്റ് ആയുർവ്വേദ ആശുപത്രി

1747 [2649] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുല്ലൂറ്റ് ആയുർവ്വേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തിയെങ്കിലും അതിൻറെ പ്രവർത്തനം ആരംഭിക്കാത്തതിൻറെ കാരണം എന്ത്;

(ബി) എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കും?

ഉത്തരം

(എ, ബി) ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly